"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- മുക്കം നഗരസഭയിൽ നികുതി പിരിവിനായി ഉപയോഗിച്ചിരുന്ന രസീത് ബുക്കുകൾ കളവ് പോയത് സംബന്ധിച്ച പരാതി- ക്രമക്കേടിൽ അന്വേഷണം നടത്തുന്നതിന് അന്വേഷണഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1260/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2020

---

പരാമർശം:- 1 സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 08.03.2016 തീയതിയിലെ കെ.എസ്.എ 913/എം.എൽ 3/16(1) നമ്പർ കത്ത്.

2 നഗരകാര്യഡയറക്ടറുടെ 01.11.2019 തീയതിയിലെ വി2-552/16 നമ്പർ കത്ത്.

**ഉത്തരവ്**

മുക്കം നഗരസഭയിലെ ശ്രീ. മുഹമ്മദ് മാളിക എന്നയാളുടെ കെട്ടിടത്തിന് അടിസ്ഥാനനികുതിയേക്കാൾ വളരെയധികം തുക കുറച്ച് നികുതി നിർണ്ണയിച്ച് നൽകി ക്രമക്കേട് നടത്തിയ ക്രിമിനൽ കുറ്റം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന നഗരസഭാസെക്രട്ടറിയുടെ ആവശ്യം പരാമർശം 2പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ കോഴിക്കോട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണറിപ്പോർട്ട് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ